(സി) സ്വകാര്യ ഏജൻസികൾ മുഖേന നടത്തുന്ന ട്രെയിനിംഗ്/ഡിപ്ലോമ കോഴ്സുകളിൽ അർബൻ പ്ലാനിംഗ് ഒരു വിഷയമായി തെരഞ്ഞെടുത്തിട്ടുള്ളതല്ലാതെ സർക്കാർ തലത്തിൽ പഠിപ്പിക്കുന്നില്ല.

(ഡി) നഗരകാര്യ വകുപ്പു മുഖേന KILA-യിൽ വച്ചും IMG മുഖേനയും നടത്തപ്പെടുന്ന ട്രെയിനിംഗ്രകളിൽ നഗരാസൂത്രണം ഒരു വിഷയമായി തെരഞ്ഞെടുക്കാറുണ്ട്.

മൊബിലിറ്റി ഹബ്ബ്

131 (T*1602) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി രൂപീകരിച്ചത് എന്നാണ് ; ഇതിനകം പദ്ധതി എത്ര ശതമാനം പിന്നിട്ടു ; ആദ്യഘട്ടത്തിൽ കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്രയായിരുന്നു ; പദ്ധതി പൂർത്തിയാക്കുമ്പോൾ ചെലവ് എത്രയായിരിക്കും ; വ്യക്തമാക്കുമോ;

(ബി) വിഭാവനം ചെയ്ത നിലയിൽ നിന്ന് പദ്ധതി വ്യതിചലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വൈറ്റില ഹബ്ബിന്റെ സ്വത്തുവകകൾ നിസ്സാരവിലയ്ക്ക് സ്വകാര്യ കമ്പനിക്ക് കൈമാറാനുള്ള നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നീക്കം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി 11-2-2010-ൽ രൂപീകരിക്കപ്പെട്ട പദ്ധതിയുടെ പ്രാഥമികഘട്ടം 14.26 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ശതമാന അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല. ആദ്യഘട്ടത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള പദ്ധതി ചെലവ് 383.78 കോടി രൂപയായിരുന്നു. വൈറ്റിലയിലെ മെട്രോ സ്റ്റേഷനും മെട്രോ റെയിലും വൈറ്റില ഹബ്ബ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതിനായി തയ്യാറാക്കിയ പുതുക്കിയ DPR പ്രകാരം ചെലവ് നിലവിൽ 433.34 കോടി രൂപയാണെന്ന് കണക്കാക്കുന്നു.

(ബി&സി) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവ ആക്ഷേപങ്ങൾ മാത്രമാണ്. പദ്ധതി ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ച് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly